അഞ്ചൽ ഡിപ്പാർട്ടുമെൻറ്

* ൧൭൭൯. (൧൨) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട അഞ്ചൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

അഞ്ചൽ ഡിപ്പാർട്ടുമെൻറിൽ നിയമനം നടത്തുന്നതിനു് ഇൻഡ്യാഗവണ്മെണ്ടിൻെറ അനുമതിയോ ആലോചനയോ ആവശ്യമുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ): ചില സംഗതികളിൽ (നിയമനത്തെ സംബന്ധിച്ചിടത്തോളം) ഇൻഡ്യാഗവണ്മെണ്ടിൻെറ അനുമതി ആവശ്യമുണ്ടു്. അഞ്ചൽ ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചിടത്തോളം ഒരു ഏജൻസി ബേസിസിൽ ആണു് തിരുവിതാംകൂർ ഗവണ്മെണ്ടു് നടത്തിവരുന്നതു്. ഈ ഡിപ്പാർട്ടുമെൻറിൻെറ വരവു ചിലവുകളും മറ്റും കൈകാര്യം ചെയ്യുന്നതു് ഇൻഡ്യാഗവണ്മെണ്ടാണു്. ഒരു ഏജൻസി എന്ന നിലയിൽ അഞ്ചൽ ഡിപ്പാർട്ടുമെൻറിൻെറ ഭരണം നടത്തിക്കൊണ്ടിരിക്കുന്നതു് ഈ ഏപ്രിൽമാസം ൧-ാം തിയതി മുതൽ ഇൻഡ്യാഗവണ്മെണ്ടിൻെറ അധീനതയിൽ ആകുന്നതാണു്.

ശ്രീ. എ. കെ. പാച്ചുപിള്ള: ഏപ്രിൽ ഒന്നാംതിയതിമുതൽ ഇൻഡ്യാഗവണ്മെണ്ടിൻെറ മേൽനോട്ടത്തിൽ അഞ്ചൽ ഡിപ്പാർട്ടുമെൻറിൻെറ ഭരണം നടക്കുമ്പോൾ ഭരണ വിലയുള്ള കവർ രണ്ടണ വിലയാകുകയില്ലേ?

ശ്രീ. സി. കേശവൻ: പെട്ടെന്നു് അങ്ങനെ വില കൂട്ടുമെന്നു് തോന്നുന്നില്ല.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: കാർഡു്, കവറു് മുതലായുവയുടെ വില കൂട്ടുകയോ കുറക്കുകയോ ചെയ്യുന്നതിനുള്ള അധികാരം ഇപ്പോൾ ഏതു ഗവണ്മെണ്ടിനാണുള്ളതു്.

ശ്രീ. സി. കേശവൻ: ഇപ്പോൾ അധികാരം ഉള്ളതു് ഈ ഗവണ്മെണ്ടിനാണെങ്കിലും ഇവയെപ്പറ്റി ഇൻഡ്യാഗവണ്മെണ്ടുമായി ആലോചിക്കാതെ ഒന്നും ചെയ്യാൻ നിവർത്തിയില്ല. ഏപ്രിൽ ൧-ാം തീയതിക്കുശേഷം കാർഡിൻെറയും കവറിൻെറയും ഇപ്പോഴത്തെ വിലയിൽനിന്നും വ്യത്യാസം വരുത്താൻ (വില കൂട്ടാൻ) പാടില്ലെന്നു് ഇൻഡ്യാഗവണ്മെണ്ടിനെ അറിയിക്കുകയും അവർ സമ്മതിക്കയും ചെയ്തിട്ടുണ്ടു്.

ശ്രീ. എ. താണുപിള്ള: സേവിംഗ്സ് അക്കൗണ്ടുകൾ മുഴുവനും കൈകാര്യം ചെയ്യുന്നതു് ഈ ഗവണ്മെണ്ടാണോ അതോ ഇൻഡ്യാഗവണ്മെണ്ടാണോ?

ശ്രീ. സി. കേശവൻ: അവ സംബന്ധിച്ചുള്ള ആലോചന ഇതുവരെ പൂർത്തിയായിട്ടില്ല.

ശ്രീ. എ. കെ. പാച്ചുപിള്ള: അഞ്ചൽ ഡിപ്പാർട്ടുമെൻറിൻെറ ഭരണം മുഴുവനും മദ്രാസ് പോസ്റ്റ്മാസ്റ്റർ ജനറലിൻെറ കീഴിൽ ആക്കുന്നുയെന്നു് കേട്ടതു് ശരിയാണോ?

ശ്രീ. സി. കേശവൻ: അങ്ങനെ വരാം.

ശ്രീമതി ദേവകി ഗോപിദാസ്: അഞ്ചൽ ഡിപ്പാർട്ടുമെൻറിലെ ജീവനക്കാരുടെ ശമ്പളം കൂട്ടണമെങ്കിൽ കാർഡിനും കവറിനും മറ്റും വില വർദ്ധിപ്പിക്കാതെ തരമില്ലെന്നും അതുകൊണ്ടു് അവകൾ ഈ കാരണത്താൽ വില വർദ്ധിപ്പിക്കാൻ പോകുന്നുയെന്നും കേൾക്കുന്നതു് ശരിയാണോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. കേശവൻ : ശമ്പളം വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഇവയുടെ വില കൂട്ടണമെന്നു് ഒരു നിർദ്ദേശവുമില്ല. വില കൂട്ടാതെതന്നെ ഈ കാര്യം നിവ്വഹിക്കാമെന്നാണു് അവർ സമ്മതിച്ചിട്ടുള്ളതു്.

അഞ്ചൽ കാർഡുവില

*൧൧൨൦. (മർ) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട അഞ്ചൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) അഞ്ചൽ കാർഡിന്റെ വില കൂട്ടുവാൻ ആലോചിക്കുന്നുണ്ടോ ;

(ബി) എത്ര സംഖ്യയാണു് കൂട്ടണമെന്നു് വിചാരിക്കുന്നതു് ;

(സി) എന്നുമുതൽ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) അഞ്ചൽ കാർഡിന്റെ വില കൂട്ടുന്നതെന്നു് ഇൻഡ്യാഗവൺമെണ്ടിനെ അറിയിച്ചിട്ടുണ്ടു്. എന്നാൽ അതിന്മേൽ അവസാനമായി യാതൊരു തീരുമാനവും ഉണ്ടായിട്ടില്ല.

(ബി & സി) ചോദ്യം ഉദിക്കുന്നില്ല.

വിദേശ മദ്യം

*൧൧൨൧. (൧൪) ശ്രീമതി ദേവകി ഗോപിദാസ് : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) തിരുവിതാംകൂർ–കൊച്ചി സ്റ്റോറിൽ പരിപൂർണ്ണ മദ്യവർജ്ജനം നടപ്പിലാക്കിയാൽ ഗവൺമെണ്ടിനു് എന്തെങ്കിൽ എത്ര നഷ്ടം വരുമെന്നു പറയാമോ;

(ബി) തിരുവിതാംകൂർ–കൊച്ചി സ്റ്റോറിൽ ൧൯൫൦–ൽ എത്ര രൂപയുടെ വിദേശമദ്യം ഇറക്കുമതി ചെയ്തിട്ടുണ്ടെന്നു പറയാമോ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ഉദ്ദേശം മൂന്നു കോടി രൂപാ.

(ബി) വിവരങ്ങൾ ശേഖരിച്ചു വരികയാണു്.

ശ്രീമതി ദേവകി ഗോപിദാസ് : ഈ നഷ്ടം പരിഹരിക്കുന്നതിനല്ലേ സെയിൽസ്ടാക്സ് ഏർപ്പെടുത്തിയതു്?

ശ്രീ. സി. കേശവൻ: അതിനുംകൂടെ വക കണ്ടിരുന്നു.

ലേഡി ഡാക്ടറന്മാർ

*൧൧൨൨. (൧൫) ശ്രീമതി ദേവകി ഗോപിദാസ് : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട മെഡിക്കൽ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) തിരുവിതാംകൂർ–കൊച്ചി സ്റ്റോറിൽ ലേഡി ഡാക്ടറന്മാർ ഇല്ലാത്ത ആശുപത്രികളും ഉണ്ടോ;

(ബി) ലേഡി ഡാക്ടറന്മാർ ഇല്ലാത്ത ആശുപത്രികളിലെ സ്ത്രീ രോഗികൾ വളരെ ബുദ്ധിമുട്ടും വിഷമവും അനുഭവിക്കുന്നുണ്ടെന്നുള്ള വിവരം ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly